# പ്രോത്സാഹനത്തിന്റെ വാക്കുകൾ പറയുവാൻ യേശുവിൽനിന്ന് പഠിക്കുക!

സാക് പുന്നൻ

WFTW 20 ജൂലൈ 2014

നമ്മുടെ ഹൃദയത്തിലുള്ളതെന്താണെന്ന് പുറത്തു കാണിക്കുന്ന ഒരു വലിയ വെളിപ്പെടുത്തൽ ഉപാധിയാണ് നമ്മുടെ സംസാരം. ഹൃദയം നിറഞ്ഞു കവിയുന്നത് വായ് പ്രസ്താവിക്കുന്നു എന്നു യേശു പറഞ്ഞു. നിങ്ങളുടെ ഹൃദയത്തിൽ എന്തെല്ലാമുണ്ടോ അതു നിങ്ങൾ സംസാരിക്കുമ്പോൾ പുറത്തു വരും. അധികനേരം നിങ്ങൾക്കത് മറച്ചുവയ്ക്കാൻ പറ്റില്ല. എന്തുകൊണ്ടാണ് ആളുകൾ മറ്റുള്ളവരെ നിസ്സാരന്മാരാക്കി കാണിക്കുന്നത്, മറ്റുള്ളവരെ മുറിപ്പെടുത്തുന്ന വിധത്തിലുള്ള അഭിപ്രായങ്ങളും തമാശകളും പറയുന്നതെന്തിനാണ്? എന്തുകൊണ്ട് അവർ അതു ചെയ്യുന്നു? കാരണം അവർ ക്രിസ്തുവിനെപ്പോലെ അല്ല.

നാം യേശുവിന്റെ തേജസ് കാണേണ്ട ആവശ്യമുണ്ട്. അപ്പോൾ മാത്രമേ നമുക്ക് അവനെപ്പോലെ ആകാൻ കഴിയൂ. യേശു എങ്ങനെയാണ് ജീവിച്ചതെന്ന് നമ്മെ കാണിച്ചു തരുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു. എന്നിട്ടു പറയുന്നു: “ഞാൻ നിങ്ങളെ അവനെപ്പോലെ ആക്കിത്തീർക്കട്ടെ.’’ പരിശുദ്ധാത്മാവ് വെറുതെ, അവനെപ്പോലെ ആകുക എന്നു പറയുക മാത്രമല്ല, അവിടുന്നു പറയുന്നത് ‘ഞാൻ നിങ്ങളെ അവനെപ്പോലെ ആക്കിത്തീർക്കട്ടെ’’ എന്നാണ്. അതു നല്ലതല്ലേ? പരിശുദ്ധാത്മാവ് യേശുവിന്റെ തേജസ് എന്നെ കാണിച്ചു തരുക മാത്രം ചെയ്തിട്ട് അവനെപ്പോലെ ആകുക എന്നു പറയുന്നു എന്നു കരുതുക. ഞാൻ നിരുത്സാഹത്തിൽ ആ കാര്യം ഉപേക്ഷിക്കും. ഞാൻ പറയും ‘കർത്താവേ, എനിക്കു കഴിയില്ല.’ എന്നാൽ പരിശുദ്ധാത്മാവു പറയുന്നത് അതല്ല. പരിശുദ്ധാത്മാവ് യേശുവിന്റെ സംസാരരീതിയിലുള്ള സൌന്ദര്യം നമ്മെ കാണിക്കുന്നു. അതിനു ശേഷം നമ്മോടു പറയുന്നു. “ഇനി എന്റെ മകനെ, എന്റെ മകളെ, നിന്റെ സംസാരം അതുപോലെ ആക്കിതീർക്കുവാൻ നീ എന്നെ അനുവദിക്കുമോ? നിർമ്മലമായത്, നന്മയായത്, സ് നേഹിക്കുന്നത്. നിന്റെ നാവിനെ നിയന്ത്രിക്കുവാൻ നീ എന്നെ അനുവദിക്കുമോ? ഇന്നു മുതൽ നിന്റെ സംസാരത്തെ നിയന്ത്രിക്കുവാൻ നീ എന്നെ അനുവദിക്കുമോ?!! ഇതാണ് ആത്മാവിന്റെ നിറവ്. ആത്മാവിന്റെ ഫലം, ആത്മനിയന്ത്രണമാണ്. ആരെയും ഒരിക്കലും നമ്മുടെ വാക്കുകൊണ്ടോ അതുപോലെയുള്ള മറ്റെന്തെങ്കിലും കാര്യം കൊണ്ടോ മുറിവേല്പിക്കാത്തവിധം നമുക്കു പരിശുദ്ധാത്മവിനാൽ നിറയപ്പെടാൻ കഴിയും. നമ്മുടെ സ്വയമരണത്തിന്റ പാതയിലൂടെ അവൻ നമ്മെ നയിക്കുന്നു.

യേശു തന്റെ നാവിനെ ക്രിയാത്മാകമായ രീതിയിൽ ആളുകളെ ഉത്സാഹിപ്പിക്കുവാനായി ഉപയോഗിച്ചു. തിരുത്തുവാനായി ഉപയോഗിച്ചു. ദൈവത്തിന്റെ കരങ്ങളിൽ ജീവന്റെ ഉപകരണമായി അവിടുന്നു തന്റെ നാവിനെ തീർത്തു. യെശയ്യാവ് 50:4ൽ യേശുവിന്റെ നാവിനെക്കുറിച്ചു പറയുന്ന മനോഹരമായ ഒരു വചനം വായിക്കുന്നു, അത് ആശ്ചര്യകരമായ ഒരു വചനമാണ്. അതു പറയുന്നത് “തളർന്നിരിക്കുന്നവനെ വാക്കുകൊണ്ട് താങ്ങുവാൻ അറിയേണ്ടതിന് യഹോവയായ കർത്താവ് എനിക്കു ഒരു ശിഷ്യന്റെ നാവു തന്നിരിക്കുന്നു.’’ ഒന്നു ചിന്തിക്കുക: നിങ്ങൾക്ക് അതുപോലെയൊരു ശുശ്രൂഷ ഉണ്ടാകുവാൻ കഴിഞ്ഞാൽ, നിങ്ങൾ ഒരു പ്രസംഗി ആകേണ്ട ആവശ്യമില്ല. നിങ്ങൾ ഒരിക്കലും ഒരു പ്രസംഗപീഠത്തിൽ നിന്നു എന്നു വരില്ല; എന്നാൽ തളർന്നിരിക്കുന്നവരെ താങ്ങുവാൻ ഒരു ശരിയായ വചനം ഉണ്ടായിരിക്കാൻ മാത്രമുള്ള ശുശ്രൂഷ.

നിങ്ങൾക്കറിയാമോ തളർന്നിരിക്കുന്ന എത്ര ആളുകൾ ഓരോ ദിവസവും നിങ്ങളുടെ വഴിയിൽ നിങ്ങളെ യാദൃശ്ചികമായി കണ്ടുമുട്ടാറുണ്ട് എന്ന്? ഒരു ദിവസം എത്ര ആളുകളെ നിങ്ങൾ കണ്ടു മുട്ടുന്നു എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? നിങ്ങളുടെ ഓഫീസിൽ, നിങ്ങളുടെ അയൽപക്കത്ത്? അവിടെ ചിലരെങ്കിലും ഉണ്ടാകും. തന്നെയുമല്ല അവരിൽ ചിലർ തളർന്നിരിക്കുന്നവരുമാണ്. അവിടെ

അവരെ ഉത്സാഹിപ്പിക്കുവാൻ നിങ്ങൾക്കൊരു വചനമുണ്ടോ? അതോ നിങ്ങൾ പുറകോട്ടു ചാരിയിരുന്നു രാഷ്ട്രീയം, കാലാവസ്ഥ തുടങ്ങിയവയെക്കുറിച്ച് ചർച്ച ചെയ്യുകയും അവർ അവരുടെ ഭാരവുമായി തുടരുകയുമാണോ? ദൈവത്തിനു നിങ്ങളുടെ നാവിനെ ഉപയോഗിക്കുവാൻ ആഗ്രഹമുണ്ട്. ദൈവം നിങ്ങളുടെ നാവിനെ പ്രോത്സാഹനത്തിന്റെ ഒരു വാക്കു പറയുവാനും ചിലപ്പോൾ തിരുത്തലിന്റെ ഒരു വാക്കു കൂടി പറയുവാനുമായി ഉപയോഗിക്കാനാഗ്രഹിക്കുന്നു. യേശു തന്റെ നാവിനെ നിഗളികളെയും, ധിക്കാരികളെയും മുറിക്കുന്ന ഒരു വാളായും ഉപയോഗിച്ചു. "ഇത്ര വലിയ വിശ്വാസം ഞാൻ ഒരിക്കലും കണ്ടിട്ടില്ല'' എന്ന് യേശു പറഞ്ഞപോൾ ആ റോമൻ ശതാധിപൻ അല്ലെങ്കിൽ ആ കനാന്യ സ്ത്രീ, അവർ എത്രമാത്രം ഉത്സാഹിപ്പിക്കപ്പെട്ടു കാണാം! അതു നിങ്ങൾ മത്തായി 8ലും മത്തായി 15ലും വായിക്കുന്നു. ലൂക്കോസ് 7ൽ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ വന്ന് യേശുവിന്റെ പാദങ്ങൾ കഴുകിയതിന് അവൻ പ്രശംസിച്ചപ്പോൾ ഉത്സാഹിപ്പിക്കപ്പെട്ട ആ പാപിനിയായ സ്ത്രീയെക്കുറിച്ചു ചിന്തിക്കുക. ബഥാന്യയിലെ മറിയ അവളുടെ ത്യാഗപരമായ സമർപ്പണത്തിന്റെ പേരിൽ പ്രശംസിക്കപ്പെട്ടു. യേശുവിന്റെ ഈ വാക്കുകൾ അവർ ഒരിക്കലും മറന്നിട്ടുണ്ടാകയില്ല: "ഞാൻ നിനക്കു വേണ്ടി പ്രാർത്ഥിക്കാൻ പോകുന്നു'' എന്നു യേശു പറഞ്ഞപ്പോൾ പത്രൊസ് എത്രമാത്രം ശക്തിപ്പെട്ടു എന്നു ചിന്തിക്കുക. വളരെക്കുറച്ചു വാക്കുകൾ മാത്രം, എത്ര ശക്തി! വളരെയധികം ആളുകൾ യേശുവിന്റെ അധരങ്ങളിൽ നിന്ന് ഇങ്ങനെയുള്ള വാക്കുകൾ കേട്ടിട്ടുണ്ടാകും. നിങ്ങൾ പരിശുദ്ധാത്മാവിനോട് ജനങ്ങൾക്കായി നിങ്ങളുടെ ഹൃദയത്തിലേക്കു ദൈവസ്നേഹം പകരാനായി ചോദിച്ചാൽ, നിങ്ങളുടെ അധരങ്ങളിൽക്കൂടെ ഇതുപോലെയുള്ള വാക്കുകൾക്ക് പുറത്തു വരാൻ സാധിക്കും.